Sri. P. S. Nataraja Pillai: May I know whether the Government are aware that the factory at Manavalakurichi is not functioning now?

Sri. T. K. Narayana Pillai: Yes, steps are being taken in this direction.

Sri. P. S. Nataraja Pillai: May I know the probable date when they will resume work there?

Sri. T. K. Narayana Pillai: From the nature of the report received, I think it will be resumed within some three months.

Sri. P. S. Nataraja Pillai: Is it the policy of the Government not to close the factory at Manavalakurichi?

Sri. T. K. Narayana Pillai: Yes.

ഹിന്ദിവിദ്യാഭ്യാസം

* ൩൫൩. (൧൦൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തു ആരംഭിച്ചു നടത്തിവരുന്ന ഹിന്ദിവിദ്യാലയങ്ങൾക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും ഗ്രാൻറുകൊടുത്തു പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിദ്യാലയങ്ങൾ ഏതെല്ലാം;

(സി) ഓരോ വിദ്യാലയത്തിനും നല്കിവരുന്ന ഗ്രാൻറുസംഖ്യ എത്ര വീതം?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ ഹിന്ദിവിദ്യാലയങ്ങൾ നടന്നുവരുന്നുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കോട്ടയത്തു ഒരു ഹിന്ദി കോളേജ് സ്ഥാപിക്കുന്നതിന് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

വെയിറ്റിംഗ് ഷെഡ്

* ൪൫൯. (൧൦൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുമ്പാവൂർ ബസ്സ് സ്റ്റാൻറിൽ ഒരു വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുനിമിത്തം യാത്രക്കാർ വളരെ വിഷമപ്പെടുന്നുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ-യും, ബി-യും) ഈ സംഗതികളെപ്പറ്റി യാത്രക്കാരിൽനിന്നും നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly